# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*20 28.10.2019 -ൽ മറുപടിക്ക്

## പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണം

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ
ശ്രീ.കെ.ജെ. മാക്സി
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അമൂല്യമായ പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ: | (എ) | കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും, സങ്കേതങ്ങളുടെയും, പൗരാണികാവശിഷ്ടങ്ങളുടെയും, പുരാവസ്തുക്കളുടെയും സംരക്ഷണം നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലേക്കായി കേരള പുരാവസ്തു വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നല്ലൊരുഭാഗം മാറ്റി വച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ശേഷിപ്പുകൾ, പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ, അവയൊക്കെ വരുംതലമുറയ്ക്ക് പഠന വിധേയമാക്കാൻ പാകത്തിൽ നിലനിർത്തുക, ഇത്തരം സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പരിപ്രേക്ഷ്യത്തിൽ വരുന്ന സംഗതികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തേണ്ടതുള്ളതു കൊണ്ടു തന്നെ, നവീന മാർഗ്ഗങ്ങളും നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. പുരാവസ്തു വകുപ്പിൽ ഘടനാ സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകൾ തൽസ്ഥിതിയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്. നിലവിൽ 180 ൽ പരം സംരക്ഷിത സ്മാരകങ്ങൾ നമ്മുടെ പട്ടികയിൽ ഉണ്ട്. അവയുടെ സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ, അവ അർഹിക്കുന്ന ഗൗരവത്തിൽ തന്നെയാണ് നടപ്പിൽ വരുത്തുന്നത്. നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്നതാണ്. അതിന്റെ സമഗ്രസംരക്ഷണ |

പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി , പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുറന്നു കൊടുത്തിട്ടുള്ളതാണ്. മാറുന്ന ലോകക്രമത്തിൽ മൺമറയുന്ന പലതരം പൈതൃകശേഷിപ്പുകളെ ഇത്തരത്തിൽ സംരക്ഷിക്കുക എന്നതാണ് ഘടനാ സംരക്ഷണ വിഭാഗം വഴി പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നത്. ഈ പ്രവർത്തികൾ ഏതെങ്കിലും ഒരു മുൻ മാതൃക പിൻതുടർന്ന് നടത്താവുന്നതല്ല. ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു മേഖലയായതിനാൽ ഓരോ സ്മാരകവും സംരക്ഷിക്കുന്നത് അതിനാവശ്യമായ നൂതന രീതികൾ അവലംബിച്ചു തന്നെയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവർത്തികൾ വളരെയേറെ പ്രാധാന്യത്തോടെ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. മറ്റൊരു ഉദാഹരണം പുനലൂർ തൂക്കുപാലമാണ്. അതും പൈതൃക പ്രേമികളെ വളരെയധികം ആകർഷിക്കുന്ന രീതിയിലാണ് സംരക്ഷിച്ചു പോരുന്നത്. ഇവിടെ രണ്ടിടത്തും ഉപയോഗിച്ച സംരക്ഷണ രീതികൾ തുലോം വ്യത്യസ്തമാണ്. അതായത് ഓരോ സ്മാരകവും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ രീതികളാണ്. ഇക്കാര്യം വകുപ്പ് വളരെ ഗൗരവമായി കണക്കിലെടുത്ത് സ്തുത്യർഹമായി നിർവ്വഹിച്ചു വരുന്നു. 2019-20 വർഷത്തിലേക്ക് 650 ലക്ഷം രൂപയാണ് ഘടനാ സംരക്ഷണ വിഭാഗത്തിന്റെ പദ്ധതി വിഹിതം.

രാസസംരക്ഷണ വിഭാഗമാണ് വസ്തുക്കളെ വിശിഷ്യാ പ്രദർശന വസ്തുക്കളെ കൈകാര്യം ചെയ്യുന്നത്. മ്യൂസിയങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കളെ നാശത്തിൽ നിന്നും സംരക്ഷിച്ചു നില നിർത്തുന്നതിന് സ്ഥായിയായ പരിചരണം ആവശ്യമാണ്. ഇവിടെയാണ് രാസസംരക്ഷണ വിഭാഗം ഉപയോഗത്തിൽ വരുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതു കൊണ്ടാണ് രാസസംരക്ഷണ വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 100 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. ഉത്ഖനനം വഴി ലഭിക്കുന്ന പൈതൃക ശേഷിപ്പുകളും മറ്റും രാസസംരക്ഷണം നടത്തിയതിന് ശേഷമാണ് മ്യൂസിയങ്ങൾ, സ്റ്റോറുകൾ തുടങ്ങിയവയിലേക്ക് മാറ്റുന്നത്. തലശ്ശേരിയിൽ നിന്നും കിട്ടിയ പീരങ്കികളും രാസസംരക്ഷണം നടത്തിയത് പുരാവസ്തു വകുപ്പിലെ രാസസംരക്ഷണ വിഭാഗമാണെന്ന കാര്യം കൂടി

| | | | |
|---|---|---|---|
| | | | അറിയിക്കുന്നു. നവീനമായ രാസസംരക്ഷണ രീതികൾ ഉപയോഗിച്ച് അന്തർദേശീയ നിലവാരത്തിലാണ് സംരക്ഷണ പ്രക്രിയ നടത്തി വരുന്നത്. ഇതിനാവശ്യമായ സാങ്കേതിക വിദ്യ വകുപ്പിലെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ പരിശീലനങ്ങളും മറ്റും നൽകാൻ സർക്കാർ തയ്യാറുമാണ്. |
| (ബി) | ഓരോ ജില്ലയിലെയും ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, മന്ദിരങ്ങൾ, കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, ശിലാഗുഹകൾ, ശാസനങ്ങൾ, നാണയങ്ങൾ, കോട്ടകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിന് ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഓരോ ജില്ലകളിലെയും ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, മന്ദിരങ്ങൾ, കൊട്ടാരങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് ജില്ലാ തലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുന്നതിന് പദ്ധതിയിട്ടിരുന്നു. എന്നാൽ ഇൻഫർമേഷൻ സെന്ററിന് ആവശ്യമായ സ്ഥലം നാളിതുവരെ ലഭ്യമായിട്ടില്ല. ഇവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പുരാവസ്തു വകുപ്പിലെ എഡ്യൂക്കേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ചരിത്ര-പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റ് നിലവിലുണ്ട്. കേരളത്തിന് അകത്തും പുറത്തും ചരിത്ര-സാംസ്കാരികാവബോധത്തിന്റെ ഭാഗമായി എക്സിബിഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി സംസ്ഥാന തലത്തിൽ താല്പര്യപത്രം ക്ഷണിച്ചിരുന്നെങ്കിലും യോഗ്യരായവരെ കണ്ടെത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. |
| (ഡി) | പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അമൂല്യരേഖകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പുരാരേഖ കളുടെ സംരക്ഷണത്തിനായി കൺസർവേഷൻ വിഭാഗത്തിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ദ്രുതകർമ്മസേന രൂപീകരിക്കുകയും ടി സംഘം പ്രളയ ബാധിത സ്ഥലങ്ങൾ സന്ദർശിച്ച് പ്രാഥമിക സംരക്ഷണം നടത്തുകയും ഉണ്ടായി. തുടർന്ന് സംരക്ഷണം ആവശ്യപ്പെട്ട സ്ഥാപനങ്ങളിലെത്തി രേഖാ സംരക്ഷണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടുതൽ സംരക്ഷണം ആവശ്യമുള്ള റിക്കാർഡുകൾ സംരക്ഷണം നടത്തി നൽകുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**